## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 563-ാം നമ്പർ ചോദ്യം 06.02.2013 -ലെ മറുപടിക്ക്

### കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ലൂഡി ലൂയിസ്. | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തൽസമയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;<br><br>സി) അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടികതയ്യാറാക്കുവാനും കേന്ദ്രധനമന്ത്രാലയത്തിന്റെ വെബ്പോർട്ടലിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;<br><br>ഡി) ഇതിനായി വിവിധ വകുപ്പുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;<br><br>ഇ) ഇതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തൽസമയം നൽകുന്നതിനായി സെൻട്രൽ പ്ലാൻ സ്കീം മോണിറ്ററിംഗ് സിസ്റ്റം (സി.പി.എസ്.എം.എസ്) എന്ന പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 16.1.2013 ലെ സ.ഉ (പി) 29/13/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന വകുപ്പുകളും ഏജൻസികളും സി.പി.എസ്.എം.എസ് പോർട്ടലിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അപ്ലോഡ് ചെയ്യേണ്ടതാണ്. ഇത് സാധ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും ഐ.റ്റി. വകുപ്പ് NIC യുമായി ചേർന്നു ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ